ഉത്തരം

(എ) വിദ്യാർത്ഥികളുടെ ആവശ്യത്തിന് സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യാനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

(ബി, സി) സ്റ്റുഡൻസ് ഓൺലി ട്രിപ്പുകളും ലേഡീസ് ഓൺലി ട്രിപ്പുകളും നിർത്തലാക്കിയിട്ടില്ല. എന്നാൽ ചില ഷെഡ്യൂളുകളിലുള്ള ലേഡീസ് ഓൺലി, സ്റ്റുഡൻസ് ഓൺലി ട്രിപ്പുകൾ പുനഃക്രമീകരിച്ച് നൽകിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ അപകടകാരണങ്ങൾ

55 [4933] ശ്രീ. എ. സുജനപാൽ:
ശ്രീമതി രാധാരാഘവൻ:
ശ്രീ. ലൂഡി ലൂയിസ്:
„ അടൂർ പ്രകാശ്:
„ പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകൾ അപകടങ്ങളിൽപ്പെടുന്നതിനുള്ള കാരണങ്ങളെന്തെന്ന് പറയാമോ;

(ബി) കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഓടിക്കുന്ന ഡ്രൈവർമാർ മദ്യപിച്ചു ബസ് ഓടിക്കുന്നതുമൂലം അപകടം ഉണ്ടാകാറുണ്ടോ;

(സി) സർവ്വീസ് നടത്തുന്ന ബസ്സുകളിലെ ഡ്രൈവർമാർ ഡ്യൂട്ടിക്ക് കയറുന്നതിനു മുമ്പ് അവർ മദ്യപിച്ചിട്ടുണ്ടോ എന്ന് അറിയുന്നതിലേക്കായി പരിശോധന നിർബന്ധിതമാക്കുമോ?

ഉത്തരം

(എ) അശ്രദ്ധയും സാങ്കേതികമായ തകരാറുകളും മൂലമാണ് ബസ്സുകൾ അപകടങ്ങളിൽപ്പെടുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മദ്യപിച്ച് ഡ്യൂട്ടിക്കെത്തുന്നവരെ സർവ്വീസ് നടത്തുവാൻ നിയോഗിക്കരുതെന്ന് കർശന നിർദ്ദേശമാണ് ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുള്ളത്. മദ്യപിച്ചതായി സംശയം തോന്നുന്ന ജീവനക്കാരെ പരിശോധിക്കാനുള്ള സംവിധാനം നിലവിലുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ കടം

56 [4934] ശ്രീ. എ. കെ. മണി:
„ കെ. സി. വേണുഗോപാൽ:
„ ലൂഡി ലൂയിസ്:
„ ടി. യു. രാധാകൃഷ്ണൻ:
„ ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കെ. എസ്. ആർ. ടി. സി.-ക്ക് ചേസ്സിസ് നൽകിയ കമ്പനികൾക്ക് 31-3-2003-ലെ കണക്കനുസരിച്ച് എന്തു തുക കൊടുക്കാനുണ്ട്;

(ബി) പ്രസ്തുത തീയതിയിൽ ഓയിൽ കമ്പനികൾക്ക് എന്തു തുക അടച്ചു തീർക്കാനുണ്ട്;

(സി) പ്രസ്തുത തീയതിയിൽ പെൻഷൻ ആനുകൂല്യമായി എന്ത് തുക കൊടുത്തുതീർക്കാനുണ്ട്; പ്രസ്തുത തീയതിയിൽ മറ്റെന്തെല്ലാം വിധത്തിലുള്ള തുക കെ. എസ്. ആർ. ടി. സി. കൊടുത്തുതീർക്കുവാനുണ്ട്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ലൈലാന്റ് കമ്പനിക്ക് 4,50,54,758 രൂപയും ടെൽകോ കമ്പനിക്ക് 2,73,30,990 രൂപയും നൽകാനുണ്ട്.

(ബി) ഐ. ഒ. സി.-ക്ക് 32.33 കോടി രൂപയും എച്ച്. പി. സി.-ക്ക് 2.84 കോടി രൂപയും നൽകാനുണ്ട്.

(സി) പെൻഷൻ ആനുകൂല്യമായി 236.51 കോടി രൂപ കൊടുക്കാനുണ്ടായിരുന്നു. അതിൽ 59.60 കോടി രൂപ 31-3-2003-ൽ കൊടുക്കുകയുണ്ടായി. കൂടാതെ 139.43 കോടി രൂപ ശമ്പള പരിഷ്കരണ കുടിശ്ശിക ഇനത്തിലും 186.26 കോടി രൂപ പി. എഫ്. ട്രസ്റ്റിലേക്കും നൽകാനുണ്ട്.

കോടതിവിധിപ്രകാരം കെ.എസ്.ആർ.ടി.സി. കൊടുത്തുതീർക്കാനുള്ള കടങ്ങൾ

57 [4935] ശ്രീ. എൻ. ഡി. അപ്പച്ചൻ:
„ വി. ജെ. പൗലോസ്:
„ പി. ജെ. ജോയി:
„ ഡി. സുഗതൻ:
„ എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-ക്ക് 30-6-2003-ലെ കണക്കനുസരിച്ച് കോടതി വിധിപ്രകാരം കൊടുത്തുതീർക്കാനുള്ള എത്ര കടബാദ്ധ്യത ഉണ്ട്;

(ബി) ആയതിനെ സംബന്ധിച്ച് എത്രയെണ്ണം ഈടാക്കുന്നതിനുള്ള വിധി പ്രസ്തുത തീയതിയിലുണ്ടായിരുന്നു;

(സി) ഈ കടങ്ങൾ കൊടുക്കാത്തതിന്റെ ഫലമായി കെ. എസ്. ആർ. ടി. സി.-യുടെ ഡിപ്പോയും ഗ്യാരേജും ജപ്തി ചെയ്ത സംഭവം നടപ്പുവർഷമുണ്ടായിട്ടുണ്ടോ;

(ഡി) കെ. എസ്. ആർ. ടി. സി.-യുടെ വിധിക്കടങ്ങൾ തീർക്കുന്നത് സംബന്ധിച്ച സമീപനം എന്തെന്ന് വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly